നം. എൻ2/41050/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.19/06/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ - 2

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2017-18 - അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
സൂചന :- കേന്ദ്ര സർക്കാർ കത്ത് എഫ് നം. 9/21/17 എസ്.എസ്, തീയതി 31/05/2017

കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പു മുഖേന നടപ്പാക്കുന്ന 2017-18 വർഷത്തെ ന്യൂനപക്ഷ വിഭാഗം സ്കൂൾകുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന (സർക്കാർ/എയ്ഡഡ്/ മറ്റ് അംഗീകാരമുള്ള സ്കൂൾ) വിദ്യാർത്ഥികളിൽ നിന്നും സൂചന പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. **അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി www.scholarships.gov.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** ഇത് സംബന്ധിച്ച് സൂചന പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ നൽകുന്നു.

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധർ, ജൈനർ, സിഖ്, പാഴ്സി എന്നീ വിഭാഗങ്ങളെയാണ് ന്യൂനപക്ഷ മതവിഭാഗമായി പരിഗണിക്കുന്നത്.

## നിർദ്ദേശങ്ങൾ

**ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ സ്കൂളിൽ നിന്നും ലഭിക്കുന്ന മാതൃകാ അപേക്ഷ കൃത്യമായി പൂരിപ്പിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് അന്തിമമായി സമർപ്പിക്കുവാൻ പാടുള്ളൂ. പൂരിപ്പിച്ച മാതൃകാ അപേക്ഷകൾ രക്ഷകർത്താവിന്റെ ഒപ്പുവാങ്ങിയ ശേഷം ഓൺലൈൻ അപേക്ഷയുടെ പകർപ്പു സഹിതം സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.**

1. കേന്ദ്ര സർക്കാറിന്റെ സൂചന നിർദ്ദേശം അനുസരിച്ച്, സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള മറ്റു സ്കൂളുകൾ എന്നിവിടങ്ങളിലെ I മുതൽ X വരെയുള്ള ക്ലാസ്സുകളിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ **National Scholarship Portal** ലെ **www.scholarships.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓഫ് ലൈൻ അപേക്ഷ സ്വീകരിക്കുന്നതല്ല.

2. മുകളിൽ സൂചിപ്പിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രമേ **National Scholarship Portal (NSP)** വഴി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. വിദ്യാർത്ഥികൾക്ക് നേരിട്ടും ബന്ധപ്പെട്ട സ്കൂൾ അധികാരികൾ മുഖേനയും **National Scholarship Portal (NSP)** വഴി ഓൺലൈൻ അപേക്ഷ നൽകാവുന്നതാണ്.

3. എല്ലാ സ്കൂളുകളിലും ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനായി **ഐ.ടി കോർഡിനേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.**

4. കുടുംബത്തിന്റെ ആകെ വാർഷികവരുമാനം 1,00,000/- രൂപ (ഒരു ലക്ഷം രൂപ) യിൽ കവിയാൻ പാടില്ലാത്തതും, അപേക്ഷകരായ കുട്ടികൾക്ക് മുൻവാർഷികപരീക്ഷയിൽ 50 ശതമാനത്തിലധികം മാർക്ക് ലഭിച്ചിട്ടുണ്ടായിരിക്കുകയും വേണം. 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.

5. ഒരു കുടുംബത്തിൽ നിന്ന് **പരമാവധി 2 കുട്ടികൾക്ക്** മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

6. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ ചുവടെ പറയുന്ന പ്രധാന വിവരങ്ങൾ കരുതേണ്ടതാണ്/ഓർത്തിരിക്കേണ്ടതാണ്.
   1. കുട്ടിയുടെ ജനനതീയതി
   2. കുടുംബത്തിന്റെ വാർഷിക വരുമാനം
   3. കുട്ടിയുടെ ആധാർ നമ്പർ
   4. കുട്ടിയ്ക്ക് കഴിഞ്ഞ വാർഷിക പരീക്ഷയിൽ ലഭിച്ച മാർക്ക്, ശതമാനം
   5. കുട്ടിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ്
   6. സ്കൂളിലെ ഫീസ് സംബന്ധിച്ച വിവരങ്ങൾ

7. ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ ആധാർ നമ്പർ രജിസ്റ്റർ ചെയ്ത ശേഷം വളരെ ശ്രദ്ധയോടെ അപേക്ഷകന്റെ/കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനനതീയതി, ക്ലാസ് തുടങ്ങിയവ) പൂരിപ്പിക്കുക.

8. സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ (കുട്ടികളുടെ) മാർക്ക് സംബന്ധിച്ച വിവരങ്ങൾ മുൻപ് പഠിച്ചിരുന്ന സ്കൂളിൽ നിന്നും ലഭിച്ച മാർക്ക് ലിസ്റ്റുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ **FRESH** അപേക്ഷയും, കഴിഞ്ഞവർഷംവരെ സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ **RENEWAL** ആയും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

10. കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനനതീയതി, ക്ലാസ്, സ്കൂളിന്റെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോൺ നമ്പർ തുടങ്ങിയവ) പൂരിപ്പിക്കുമ്പോൾ തെറ്റാതെ സൂക്ഷിക്കണം. ഈ വിവരങ്ങൾ സംബന്ധിച്ച തെറ്റുകൾ തിരുത്താൻ പിന്നീട് സാധിക്കുന്നതല്ല.

11. അപേക്ഷകരായ കുട്ടികളുടെ ആധാർ നമ്പർ അവരുടെ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതാണ്. മാത്രമല്ല ബാങ്ക് അക്കൗണ്ട് ഇടയ്ക്കിടെ മാറ്റാതിരിക്കുക. ജോയിന്റ് അക്കൗണ്ട് പാടില്ല.

12. ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ മാർക്ക്/ഗ്രേഡ് എന്ന് നിർദ്ദേശിക്കുന്ന കോളത്തിൽ മാർക്ക് മാത്രമേ രേഖപ്പെടുത്തുവാൻ പാടുള്ളു.

13. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന **Students Registration ID,** ശ്രദ്ധയോടെ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

14. വിദ്യാർത്ഥികൾക്കും ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്കും **National Scholarship Portal (NSP)** വഴി നേരിട്ട് ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

15. അപേക്ഷകരായ കുട്ടികൾ നൽകുന്ന മൊബൈൽ നമ്പരിൽ സ്കോളർഷിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും. ആയതിനാൽ മൊബൈൽ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക.

16. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ **(NSP)** രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്കൂളുകൾ അടിയന്തിരമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെട്ട് സ്കൂളുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

17. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളിലെ കുട്ടികൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

18. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റു രേഖകൾ ഒന്നും സ്കാൻ ചെയ്ത് അയയ്ക്കാൻ പാടുള്ളതല്ല.

19. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിലെയും, ആധാർ കാർഡിലെയും, സ്കൂൾ രജിസ്റ്ററിലെയും ബാങ്ക് അക്കൗണ്ടിലെയും പേരും ജനന തീയതിയും ശരിയാണ് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുക.

**അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.**

**FRESH - 31/08/2017**

**RENEWAL - 31/07/2017**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**പകർപ്പ് :-**
1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാദ്ധ്യാപകർക്ക്**

**കൂടുതൽ വിവരങ്ങൾക്ക് :-**

**www.scholarships.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക

## നേരിട്ടുള്ള വിവരങ്ങൾക്ക്

0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.